**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3060** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അത് ഏതെല്ലാം പ്രവൃത്തികൾ ആണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | നിരത്തുകൾ<br><br>നവകേരള സദസ്സിന്റെ ഭാഗമായി ഉന്നയിച്ച പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഒറ്റപ്പാലം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മൂന്ന് പ്രവൃത്തികൾ ഉള്ളതിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഒരു പ്രവൃത്തി ടെണ്ടർ ഘട്ടത്തിലുമാണ്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>കെട്ടിടം<br><br>നവകേരള സദസ്സിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കടമ്പഴിപ്പുറം പുതിയ വെറ്റിനറി ആശുപത്രി നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടറുടെ പദ്ധതി നിർവഹണ പട്ടികയിൽ ക്രമ നമ്പർ നാലിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട് ആയതിന് എസ്റ്റിമേറ്റ് PRICE ID PWD/BLDG/EST/19340/2024 പ്രകാരം 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 28.02.2025 തീയതിയിൽ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പുതിയ ആശുപത്രി കെട്ടിടത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ആവശ്യകതകൾ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഫിനിഷിംഗ് പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുമ്പോൾ തുക 30 ലക്ഷത്തിൽ അധികരിക്കുന്നുണ്ട്. ആയതിനാൽ അധികരിച്ച് വരുന്ന തുക കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 12/12/2024 സാധാരണ യോഗത്തിലെ 14/4 നമ്പർ തീരുമാന പ്രകാരം വരും വർഷങ്ങളിൽ പഞ്ചായത്ത് കണ്ടെത്തി വകയിരുത്തും എന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം (നിരത്തുകൾ)</u>**

<u>പൂർത്തീകരിച്ച പ്രവൃത്തികൾ</u>

1) General-Construction of Drainage and slabs in between km 2/300-2/700 on Mangalam Murukkumpotta Road in Ottappalam LAC.
   AS No.AS/59C/23/32929 Dated: 29/01/2024, Amount- 25,00,000/-
2) Drainage works in Ambalappara Mannur Road at Konganpara between ch 1/100-1/400 in Ottapalam LAC.
   AS No.AS/59C/24/36125 Dated: 03/07/2024, Amount-25,00,000/-

<u>ടെണ്ടർ ഘട്ടത്തിലുള്ള പ്രവൃത്തി</u>

1) Traffic Safety works at Kadambazhippuram - Chirattimala - Vengassery Road between KM0/000-0/250 in Ottapalam LAC.